# പൊട്ടി പുറത്ത് ശീവോതി അകത്ത്
## രാജീവ് ഗോപാലകൃഷ്ണൻ

ആദർശങ്ങൾക്കു വേണ്ടി പ്രസംഗിക്കുക, അതിനായി നിരന്തരം തൂലിക ചലിപ്പിക്കുക, ആദർശങ്ങൾക്കായി സ്വയം നടത്തിയ ഇത്തരം ധീരമായ നടപടിയിൽ ആത്മഹർഷം കൊള്ളുക. പുതിയ കാലത്തിന്റെ തെളിമയാർന്ന സാംസ്കാരിക ചിത്രം ഈ വഴിക്കാണ്.

ഇടശ്ശേരി ഗോവിന്ദൻനായർ എന്ന വക്കീൽ ഗുമസ്തൻ ഇഹലോകവാസം വെടിഞ്ഞിട്ട് 30 വർഷത്തോളമാകുന്ന വേളയിൽ ഈ ചിന്തകൾക്ക് എന്താണ് പ്രസക്തി? വക്കീൽ ഗുമസ്തന്റെ തോടിനുള്ളിൽ ഉണ്ടായിരുന്ന കവിക്കും അദ്ദേഹം മലയാളത്തിന്റെ ഹൃദയത്തിൽ കോറിയിട്ട അക്ഷരച്ചുവപ്പിനും അമരത്വം ഉള്ളതിനാൽ എന്നാണുത്തരം.

ഒരു പ്രസ്ഥാനക്കാർക്കും ഇടശ്ശേരിയെ സ്വന്തം വലയത്തിൽ ഒതുക്കാനായില്ല. സമകാലീനസംഭവങ്ങളോടുള്ള കവിയുടെ നിശ്ചദാർഢ്യമാർന്ന പ്രതികരണം വ്യത്യസ്തപ്രസ്ഥാനക്കാർക്ക് അവരവരുടെ ഹിതാനുസരണം അതിനെ വ്യാഖ്യാനിക്കാനും കവിയെ തങ്ങളുടെ ചേരിക്കാരനാക്കാനും സഹായിച്ചു. പക്ഷേ, ഇത്തരം വ്യാഖ്യാനങ്ങളിലോ ചേരിചേർക്കലിലോ ഉൾപ്പെട്ട് വ്യക്തിത്വം ആർക്കെങ്കിലും അടിയറവയ്ക്കാനോ നഷ്ടപ്പെടുത്താനോ ഇടശ്ശേരിക്ക് ആകുമായിരുന്നില്ല. ചേരി നോക്കാതെ വിമർശിക്കാനും പ്രശ്നങ്ങളെ സമീപിക്കാനും അദ്ദേഹം ഒരിക്കലും മടികാണിച്ചില്ല.

സ്വാതന്ത്ര്യസമരകാലത്ത് തികഞ്ഞ ഗാന്ധിയനായിരുന്നു അദ്ദേഹം. ഗാന്ധിശിഷ്യനായ കെ. കേളപ്പനായിരുന്നു ഇടശ്ശേരിയുടെ നേതാവ്. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് പൊന്നാനിയിൽ ആവേശം നിറഞ്ഞ പ്രവർത്തനങ്ങൾ നടന്നതിനു പിന്നിലെ ബുദ്ധികേന്ദ്രം എന്നു പറയുന്നത് ഇടശ്ശേരി തന്നെയായിരുന്നു.

എന്നാൽ, സ്വതന്ത്ര ഇന്ത്യയിൽ ഗാന്ധിസത്തിന്റെ പ്രായോഗികതയെക്കുറിച്ച് ഇടശ്ശേരിക്ക് സംശയമുണ്ടായി. അതിന്റെ പ്രതിഫലനമായിരുന്നു 1961-ൽ രചിച്ച ബുദ്ധനും ഞാനും നരിയും' എന്ന കവിത.

സുഗതാനം ബുദ്ധൻതൻ സന്നിധിയിൽ വച്ച് കണ്ടു മുട്ടിയ നരി ആക്രമണത്തിനു തയാറായപ്പോൾ അഹിംസ മാററി വച്ച് ബുദ്ധന്റെ പ്രതിമയെ നരിയുടെ മുതുകിൽ തള്ളി സ്വയം രക്ഷപ്പെടുന്ന കവിയെ നമുക്കു കാണാം.

ഗാന്ധിയൻ തത്വസംഹിതയ്ക്കും ഭരണവ്യഗ്രതയ്ക്കും ഇടയിൽ വീർപ്പുമുട്ടുന്ന നേതാക്കന്മാരെ കണ്ടപ്പോൾ ഒന്നമർത്തി ചിരിക്കാൻ തോന്നിയതിന്റെ ഫലമായിരുന്നു ഈ കവിത എന്ന് ഇടശ്ശേരി തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

1948-ൽ രചിച്ച പണിമുടക്കം എന്ന കവിതയിൽ

'കുഴിവെട്ടി മൂടുക വേദനകൾ

കുതികൊൾക ശക്തിയിലേക്കു നമ്മൾ' എന്ന് തൊഴിലാളിവർഗത്തോടൊപ്പം ചേർന്ന് കവി പാടുന്നു. പുത്തൻകലവും അരിവാളും എന്ന കവിതയിലാകട്ടെ ജന്മിത്തത്തിന്റെ ക്രൗര്യത്തിൽ അമർഷം പൂണ്ട കവിമനസ്സ് ആഹ്വാനം ചെയ്യുന്നത്,

'അധികാരം കൊയ്യണമാദ്യം നാം

അതിനു മേലാകട്ടെ പൊന്നാര്യൻ' എന്നാണ്.

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ഈ കവിതകളെല്ലാം ഭരണവർഗത്തിനെതിരായ താക്കീതുകളായി വ്യാഖ്യാനിക്കപ്പെട്ടു. ചൂഷിതരുടെ രക്ഷിതാക്കളായി എല്ലാ കാലത്തും ചമയമണിഞ്ഞിട്ടുള്ളവർ വാഴ്ത്തലുകളുടെ വെഞ്ചാമരവുമായി കവിക്കു ചുററും കൂടി. എങ്കിലും കവി നിസ്സംഗനായിരുന്നു. എന്നാൽ 'പൊട്ടി പുറത്ത് ശീവോതി അകത്ത്' എന്ന കവിത രചിക്കുന്ന വേളയിൽ ഇടശ്ശേരി സ്വാതന്ത്ര്യസമരകാലത്തെ ദേശാഭിമാനിയുടെ കുപ്പായം വീണ്ടും അണിയുന്നതായി നമുക്കു കാണാം. ഈ കവിതയുടെ ഉള്ളിലേക്ക് കടക്കും മുമ്പ് അതെഴുതിയ കാലം ഓർക്കുക. 1963 ജൂലൈ മാസത്തിലാണ് ഈ കവിത ഇടശ്ശേരി രചിച്ചത്. ഇന്തോ-ചീന ഭായി ഭായി എന്ന മുദ്രാവാക്യം ഉയർത്തി നമ്മുടെ ഭരണാധികാരികൾ അയൽദേശമായ ചൈനയുമായി നല്ല ബന്ധത്തിനു കാംക്ഷിച്ച നാളുകൾ. അപ്രതീക്ഷിതമായി അവർ ഉയർത്തിയ അവകാശവാദങ്ങൾക്കു മുന്നിൽ ഞെട്ടിപ്പോയ നിമിഷങ്ങൾ. ഹിമാലയസാനുക്കളിലൂടെ ഇരച്ചെത്തിയ ചൈനീസ് പട്ടാളത്തിന്റെ കടന്നാക്രമണം ഇന്ത്യയിലെ ഭരണാധികാരികളെ മാത്രമല്ല രാജ്യസ്നേഹികളായ പൗരന്മാരെയും രോഷാകുലരാക്കി. അവിടെ യുദ്ധത്തിൽ പൊരുതി വീഴുന്ന ഇന്ത്യൻ ഭടന്മാരോടൊപ്പം മനസ്സർപ്പിക്കാതിരിക്കാൻ ദേശാഭിമാനികൾ

ക്കാകുമായിരുന്നില്ല. യുദ്ധം 'അവർ അവരുടേതെന്നും 'നാം' നമ്മുടേതെന്നും അവകാശപ്പെടുന്ന' ഭൂമിക്കുവേണ്ടിയാണെന്ന പുത്തൻപ്രത്യയശാസ്ത്രജൽപ്പനങ്ങൾക്കു മുന്നിൽ ഏറാൻമൂളിയായി നിൽക്കാൻ 'ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം' എന്നു പാടിയ മഹാകവിയെ മനസ്സിൽ ആരാധിക്കുന്ന ഇടശ്ശേരിക്ക് ആകുമായിരുന്നില്ല. അതുകൊണ്ടാണ് കവി ചോദിക്കുന്നത്:

'മുററത്തിനൻ പെരുമ്പായ വിരിച്ചു; തൊട്ട വീട്ടുകാർ
ഉണക്കുന്നു വെടിമരുന്നെന്തേ, ഞാൻ നെല്ലുചിക്കണോ?'

അയൽവീട്ടുകാർ ശത്രുതയുടെ വെടിമരുന്നു പകൽവെളിച്ചത്തിൽ ഉണക്കുമ്പോൾ സ്നേഹത്തിന്റെ നെല്ല് ചിക്കിയിരിക്കുന്നത് ദുർബലതയുടെ ലക്ഷണമാണ്. ഇവിടെ നിഷ്പക്ഷത പാലിക്കാനും കണ്ണടച്ച് ഇരുട്ടാക്കാനും ശ്രമിക്കുന്നവർ ബലരാമന്റെ നിഷ്പക്ഷതയെ കടത്തിവെട്ടുന്നവരാണ്. ഇടശ്ശേരിക്ക് നിഷ്പക്ഷനാകാൻ കഴിയുന്നില്ല; അതുകൊണ്ടു കവി മടി കൂടാതെ തന്നെ ചോദിക്കുന്നു:

'ആർ തൻ ശ്രേയസ്സെനിക്കാപ-
ത്തച്ചീനത്തെക്കിഴിക്കയോ?'

തന്റെ മനസ്സിലെ ആശയങ്ങൾ സംവേദിപ്പിക്കുന്നതിനായി കവി കണ്ടെത്തുന്ന പശ്ചാത്തലവും ഏറെ ശ്രദ്ധേയമാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം പ്രചാരത്തിലുള്ള ഒരു നാട്ടുവിശേഷമാണ് പൊട്ടിയെ ആട്ടിയകററുന്നത്. ചീത്തയായതും ഉപയോഗരഹിതമായതുമായ വസ്തുക്കളെല്ലാം തൂത്തുകൂട്ടി വീട്ടിൽനിന്ന് കളയും. പിന്നെ അടിച്ചുതളിച്ച് വീട്ടിലെ മുറിയെല്ലാം വൃത്തിയാക്കും. ഇങ്ങനെ വെടിപ്പാക്കിയ വീടിന്റെ ഐശ്വര്യത്തിലേക്ക് മാത്രമേ ശീവോതി എന്ന ശ്രീദേവി കടന്നു വരികയുള്ളു എന്നാണ് മലയാളിയുടെ വിശ്വാസം. മലയാളക്കരയുടെ ഈ പഴയ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഭാരതത്തിനു നേർക്കുണ്ടായ അത്യന്തം ഹീനമായ ആക്രമണത്തിനെതിരേ കവി തൂലിക ചലിപ്പിക്കുന്നത്.

അമൃതാത്മികമായ ശീവോതിയെ വരിക്കാൻ രോഗവും മൃത്യുവുമായ ചേട്ടയെ ദൂരെ തുരത്തുകയാണ് കവി. വിശ്വാസപൂർവം ഹൃദയപക്ഷത്തോട് ചേർത്തു പിടിച്ച ചില ആശയങ്ങളുടെ പ്രസക്തി നഷ്ടപ്പെടുന്നത് വൈകിയാണ് കവി മനസ്സിലാക്കുന്നത്. സ്വന്തം മനസ്സിന്റെ നാലുകെട്ടിൽ കിഴികെട്ടി സൂക്ഷിച്ച് അമൃതുപോലെ വച്ചിരുന്ന ആദർശങ്ങൾ അസംബന്ധങ്ങളായിരുന്നുവെന്ന തിരിച്ചറിവ് കവിയിൽ ഞെട്ടലുളവാക്കുന്നുണ്ട്. പക്ഷേ, ആ ഞെട്ടലിൽ തരിച്ചിരിക്കാനല്ല പ്രത്യുത, തെററായ ആദർശങ്ങളെ പുറംകാലുകൊണ്ട് ചവിട്ടി പുറത്താക്കാനാണ് കവിയുടെ ശ്രമം. ഹിമാലയം അപ്രതിരോധ്യമെന്ന് ഊണിലും ഉറക്കത്തിലും വിശ്വസിച്ചവരാണ് നാം. ആ വിശ്വാസത്തിന്റെ ബലത്തിൽ ശത്രുഭയം ഇല്ലാതെ നാം ജീവിച്ചു. എല്ലാം കീഴ്മേൽമറിയാൻ ചീനപ്പട്ടാളത്തിന്റെ ലക്ഷ്മണരേഖാ ഭേദനം മാത്രം മതിയായിരുന്നു. ഹിമാലയത്തിന്റെ കരുത്തിൽ സ്വയം മറന്ന നമുക്ക് കിട്ടാവുന്ന ഏററവും വലിയ പ്രഹമായിരുന്നു ആ കടന്നാക്രമണം. അതുകൊണ്ടുതന്നെ ഭാരതാംബയുടെ സംരക്ഷണം മഞ്ഞുമൂടിയ ഹിമശൃംഗങ്ങളല്ല എന്നു കവി പറയുന്നു. പിന്നെയോ-

'ധുർജ്ജടേ നിൻ ജടാജുട-
ജാതരാം വീരഭദ്രരാൽ
മഞ്ഞിൻമുടികളാലല്ല,
ഭദ്രം ഭാരതമേദിനി!'

ശിവന്റെ ജടയിൽനിന്ന് ഉയിരെടുക്കുന്ന വീരഭദ്രരാൽ അഥവാ കാക്കാൻ നിൽക്കുന്ന ധീരജവാൻമാരാൽ മാത്രമാണ് ഭാരതത്തിന്റെ സംരക്ഷണം ഉറപ്പാക്കാൻ കഴിയുക. ഭൂമിയിലെ പല വൈരുധ്യങ്ങളും കവിമനസ്സിനെ അലോസരപ്പെടുത്തുന്നുണ്ട്.

'വിഷമുള്ളതിനെക്കൊന്നു-
മില്ലാത്തതു വിഴുങ്ങിയും
ജീവിപ്പൂ; ജീവിതങ്ങൾക്കെ-
ന്താശംസിക്കാം പരസ്പരം?

വിശപ്പ് ഏറുന്നതിനാൽ ആടും പയ്യും പെരുകട്ടെ എന്നാശംസിക്കാം. പക്ഷേ, ഈ ആശംസ പോലും മനുഷ്യന് നിഷിദ്ധമാണ്. കാരണം ലോകം മൊത്തം ജനസംഖ്യാപെരുപ്പത്തിന്റെ ഭീഷണിയിലാണ്. അതുകൊണ്ടു കൂട്ട പ്രാർഥന നടത്തേണ്ടത് ആൾപ്പെരുപ്പം വർധിക്കാതിരിക്കാനാണ്. ഒററയ്ക്ക് ആർക്കും ദീർഘായുസ്സു നേരാമെങ്കിലും ഒടുവിൽ കവി ചില യാഥാർഥ്യങ്ങൾ കണ്ടെത്തുന്നു അതാണ്.

'വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം

അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം!'

എത്ര ഉന്നതമായ ആദർശമായാലും അതു പ്രായോഗികജീവിതത്തിൽ പ്രകാശം പരത്തുന്നതാകണം. വേദനയും നൊമ്പരവും പടർത്താൻ മാത്രമേ അതുപകരിക്കുന്നുള്ളൂവെങ്കിൽ ആട്ടിയകററുക മാത്രമാണ് ഉത്തമം. പൊട്ടിയുടെ രൂപം കൈക്കൊള്ളുന്ന ഏത് ആദർശത്തെയും അടിച്ചിറക്കണം. എങ്കിൽ മാത്രമേ ശീവോതിയെ കുടിവയ്ക്കാനാകൂ.

സ്വന്തം നാടിനെക്കുറിച്ച് ഏറെ അഭിമാനമുള്ളവനായിരുന്നു ഇടശ്ശേരി. ആ ദേശാഭിമാനമാണ്,

'പിന്തള്ളപ്പെടുകയില്ലെന്റെ
നാട് സംക്രാന്തി നാൾകളിൽ;
അതിന്നു കഴിവുണ്ടല്ലോ
ശീവോതിയെ വരിക്കുവാൻ!' എന്നുറക്കെ വിശ്വസിക്കാൻ കവിയെ പ്രേരിപ്പിക്കുന്നത്.